9
THURSDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019
A WHATSAPP NEWS PAPER
PAGE 1

# ഇഫ്താർ വിഭവങ്ങളുമായി
## അബുദാബി പൊലീസ്



**റമദാനിൽ നോമ്പ് തുറക്കുന്ന സമയത്ത് അബുദാബി പൊലീസ് വഴിയാത്രക്കാർക്ക് ഇഫ്താർ വിഭവങ്ങളുമായി ട്രാഫിക് സിഗ്നലുകളിൽ.** നോമ്പ് തുറ സമയത്തെ തിരക്കിൽ അപകടം ഒഴിവാക്കുന്നതിനൊപ്പം കൃത്യസമയത്ത് നോമ്പ് തുറക്കാനുള്ള അവസരവും ഒരുക്കുക എന്നതാണ് ഇവരുടെ ലക്ഷ്യം

# ശമ്പള തടസ്സം ഉണ്ടെങ്കിൽ ഉടനെ രേഖപ്പെടുത്തുക;
## മുന്നറിയിപ്പുമായി ഇന്ത്യൻ എംബസ്സി



**തൊഴിലുടമകൾ ശമ്പളം വൈകിക്കുകയാണെങ്കിൽ ഉടനെ തന്നെ എംബസ്സിയുമായി ബന്ധപ്പെടണം എന്ന് എല്ലാ ഇന്ത്യൻ പൗരന്മാർക്കും നിർദേശം നൽകി ട്വിട്ടറിലൂടെ ഇന്ത്യൻ എംബസ്സി നോട്ടീസ് റിലീസ് ചെയ്തു.** പരാതികൾ ഇന്ത്യൻ എംബസ്സി അബുദാബി അല്ലെങ്കിൽ ഇന്ത്യൻ കൗൺസിലേറ്റ് ദുബായ് എന്നിവിടങ്ങളിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്

# പൊലീസിലെ പോസ്റ്റൽ ബാലറ്റ് വിവാദം: ക്രൈംബ്രാഞ്ച് അന്വേഷിക്കും.




**കേസ് റജിസ്റ്റർ ചെയ്ത് എഫ്ഐആർ ലഭ്യമാക്കിയ ശേഷം സംഭവത്തിൽ ഉൾപ്പെട്ട പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളും**

# രാജീവ് ഗാന്ധി വധക്കേസിലെ പ്രതികളെ വിട്ടയക്കില്ല:



**സുപ്രീം കോടതി:** രാജീവ് ഗാന്ധി വധക്കേസിലെ ഏഴു പ്രതികളെ മോചിപ്പിക്കാനുള്ള തമിഴ്നാട് സർക്കാറിന്റെ 2014 ലെ തീരുമാനത്തിനെതിരായ ഹർജി സുപ്രീം കോടതി തള്ളി. ഹർജിയിൽ കഴമ്പില്ലെന്നു പറഞ്ഞാണ് കോടതി നടപടി. രാജീവ് ഗാന്ധിയ്ക്കൊപ്പം കൊല്ലപ്പെട്ടവരുടെ ബന്ധുക്കളാണ് ഹർജി നൽകിയത്.

9
THURSDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019
A WHATSAPP NEWS PAPER


### കോടതി ജഡ്ജിമാരുടെ നിയമനം
## മോദിസർക്കാറിനെതിരെ സുപ്രീം കോടതി




സുപ്രീം കോടതി ജഡ്ജിമാരുടെ നിയമനവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ നിലപാടിനെതിരെ സുപ്രീം കോടതി. ജാർഖണ്ഡ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് അനിരുദ്ധ ബോസ്, ഗുവാഹത്തി ഹൈക്കോടതി ചീഫ് ജസ്റ്റിസ് എ.എസ് ബൊപ്പണ്ണ എന്നിവരെ സുപ്രീം കോടതി ജഡ്ജിയായി ഉയർത്തുന്നതിനെതിരെ കേന്ദ്രം നിലപാടെടുത്തിരുന്നു. ഇതിനെതിരെയാണ് സുപ്രീം കോടതി രംഗത്ത് വന്നിരിക്കുന്നത്.

## സൗദിയിൽ വിദേശികൾക്ക് ഇനി 2 തരം ഇക്കാമ



എല്ലാ ആനുകൂല്ല്യങ്ങളോടും കൂടിയ റെസിഡെൻസ് പെർമിറ്റാണ് വിദേശികൾക്ക് ലഭിക്കുക. നിലവിലുള്ള ഇക്കാമ കൂടാതെയാണ് വിദേശികൾക്ക് മറ്റൊരു ഗ്രേഡിലുള്ള ഇക്കാമ കൂടി അനുവദിക്കുന്നത്. വിദേശ നിക്ഷേപകരേയും ബിസിനസുകാരേയും രാജ്യത്തേക്ക് ആകർഷിക്കാനാണ് പുതിയ പദ്ധതി ലക്ഷ്യമിടുന്നത്.

## യുഎസ് സ്കൂളിൽ വീണ്ടും വെടിവയ്പ്പ്; ഒരു മരണം, 8 പേർക്ക് പരുക്ക്




വാഷിങ്ടൻ : കൊളറാഡോയിലെ സ്കൂളിൽ 2 ഹൈസ്കൂൾ വിദ്യാർത്ഥികൾ നടത്തിയ വെടിവയ്പിൽ ഒരു സഹപാഠി കൊല്ലപ്പെട്ടു.

## കാറുകളുടെ മത്സരയോട്ടം: അൽഐനിൽ 4 പേർ മരിച്ചു.




ഇന്നലെ വൈകിട്ട് അൽ നാസിരിയ്യ റോഡിലായിരുന്നു അപകടം. അതിവേഗത്തിൽ വന്ന കാറുകളിലൊന്ന് പെട്ടെന്ന് ലൈൻ മാറിയതിനെ തുടർന്ന്  റോഡരികിലെ വൈദ്യുതി കാലിൽ ഇടിച്ചായിരുന്നു അപകടം. ഡ്രൈവറും കാറിലുണ്ടായിരുന്നയാളും മരിച്ചു. രണ്ടാമത്തെ കാർ റോഡിന് കുറുകെ  അനുവദനീയമായ സ്ഥലത്ത് കടക്കുകയായിരുന്ന 2 യുവതികളെ ഇടിച്ചു തെറിപ്പിക്കുകയായിരുന്നു.



# റമദാൻ സമയത്ത് ഈ പാർക്കിങ് നിയമങ്ങൾ പാലിച്ചില്ലെങ്കിൽ പിഴ

പള്ളികളുടെ മുൻവശത്തുള്ള റോഡുകൾ പാർക്ക് ചെയ്ത് തടസ്സപ്പെടുത്തുന്ന വാഹനക്കാർക്കെതിരെ 500 ദിർഹം പിഴ ചുമത്തുമെന്ന് അബുദാബി പോലീസ്.

# വോട്ടർ പട്ടികയിൽ തിരിമറി നടന്നു;

## 10 ലക്ഷം യുഡിഎഫ് വോട്ടുകൾ സിപിഎം വെട്ടിയെന്ന് ഉമ്മൻ ചാണ്ടി



താലൂക്ക് ഡെപ്യൂട്ടി തഹസിൽദാർമാർക്കാണ് വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനും നീക്കം ചെയ്യുന്നതിനും ചുമതലയുണ്ടായിരുന്നത്. താലൂക്ക് ഡെപ്യൂട്ടി തഹസിൽദാർ മാരിലും ഇവരുടെ ക്ലർക്കുമാരിലും 99 ശതമാനവും ഇടതു സംഘടനാ പ്രവർത്തകരാണെന്നും ഇവരെ ഉപയോഗിച്ചാണ് സിപിഎം വോട്ടർ പട്ടികയിൽ തിരിമറി നടത്തിയതെന്നും ഉമ്മൻചാണ്ടി ആരോപിച്ചു.

# ബോയിംഗ് 737 – 8 മാക്സ്

## വിലക്ക് മാറുന്ന തിയ്യതി നൽകാൻ ഇനിയും കഴിയില്ല.




ബോയിംഗ് 737 – 8 മാക്സ് എയർക്രാഫ്റ്റിന്റെ സുരക്ഷാ സംവിധാനങ്ങൾ സുരക്ഷിതമാകുമെന്ന് ഉറപ്പുവരുത്തുന്നതുവരെ, വിലക്ക് തുടരുമെന്ന് യു.എ.ഇ ജനറൽ സിവിൽ ഏവിയേഷൻ അതോറിറ്റി, ജി.സി.എ.എ പറഞ്ഞു.

# ഗൗരി ലങ്കേഷ് വധക്കേസ്;

## പ്രതികൾക്ക് ബോംബുണ്ടാക്കാൻ പരിശീലനം നൽകിയത് പ്രജ്ഞ സിങിന്റെ അഭിനവ് ഭാരതിലെ അംഗങ്ങൾ.



സനാതൻ സൻസ്ത പോലെ തന്നെ തീവ്ര ഹിന്ദുത്വ സംഘടനയാണ് അഭിനവ് ഭാരത്. 2011 നും 2016 നും ഇടയിലാണ് ബോംബുണ്ടാക്കാനുള്ള പരിശീലനം നടന്നിരിക്കുന്നതെന്നും ഗൗരി ലങ്കേഷ് വധക്കേസ് അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘം ബംഗളൂരു കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 6.56 PM | 7.00 PM | 6.56 PM | 6.56 PM | 6.50 PM | 6.52 PM | 6.52 PM |